ഈ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്. ഭരണ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയിൽ പലതും പൂർത്തിയാക്കപ്പെടുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. ദീർഘകാല അടിസ്ഥാനത്തിൽ മാത്രമേ ചില പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടില്ല.

(സി) ജനോപകാരപ്രദമായ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ചില പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്. ഇവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് പൊതുവായ അവലോകനം നടത്താറുണ്ട്.

(ഡി) പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലുമാണ്.

കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണം

6 (*336) ശ്രീ. പാറോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്നതിനുള്ള കാര്യം പരിഗണനയിലുണ്ടോ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ ;

(സി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്രകാരം സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വ്യവസായവും വിദ്യാഭ്യാസവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭങ്ങൾക്കൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനായിട്ടാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ മേഖലകളിലുള്ള സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ സഹകരണം വഴി ലക്ഷ്യമിടുന്നത്.

(സി&ഡി) ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വീകരിച്ചുവരുന്ന നടപടികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.

കൈത്തറി സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

7 (*337) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) മൂലധനനിക്ഷേപവും അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവും പവർലൂം മേഖലയിൽ നിന്നുള്ള നഷ്ടവും കൈത്തറി സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിന് ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പ ലഭിക്കാത്തതു കാരണം മൂലധനക്കുറവ് കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly